‘ ഭരണഭാഷ മാതൃഭാഷ’

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

---

നമ്പർ:STDD/2099/2025-B1 തീയതി :05-08-2025

**ഗദ്ദിക 2025-26: അപേക്ഷ ക്ഷണിക്കുന്നു**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വയംതൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ പരമ്പരാഗത പൈതൃക ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുമായി പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പുകളുടേയും കിർത്താഡിസിന്റെയും ആഭിമുഖ്യത്തിൽ ഗദ്ദിക 2025-26 എന്ന പേരിൽ ഉത്പന്ന പ്രദർശന വിപണന മേള എറണാകുളത്ത് കലൂർ സ്റ്റേഡിയത്തിന് സമീപം 2025 ആഗസ്റ്റ് മാസം 29 മുതൽ സെപ്റ്റംബർ 4 വരെ സംഘടിപ്പിക്കുന്നു. പാരമ്പര്യ ഉത്പന്നങ്ങളുടെ ഉത്പാദനത്തിലേർപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾ /കൂട്ടു സംരംഭകർ/ സൊസൈറ്റികൾ / കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് മേളയിൽ പങ്കെടുക്കാം.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവർക്ക് ഉത്പന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുന്നതിനും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും താൽപര്യമുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ വിവരം, ഇതോടൊപ്പം ഉള്ളടം ചെയ്തിരിക്കുന്ന ഫോമിൽ രേഖപ്പടുത്തി അപേക്ഷകരുടെ പൂർണ്ണ മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) ജാതി സർട്ടിഫിക്കറ്റ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതമുള്ള അപേക്ഷ ***2025 ആഗസ്റ്റ് 12 വൈകുന്നേരം 5 മണിക്ക് മുൻപായി അതാത് ജില്ലകളിലെ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസുകൾ / പ്രൊജക്റ്റ് ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്*** (ഒരു വ്യക്തിക്ക് ഒന്നിലധികം സ്റ്റാൾ അനുവദിക്കുന്നതല്ല.) പൈതൃകമായ ഉത്പന്നങ്ങൾ വിപണനം നടത്തുന്നവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലകളിലെ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസുകളുമായി

ബന്ധപ്പെടണം. നിശ്ചിത സർട്ടിഫിക്കറ്റുകളും പൂർണ്ണ വിവരങ്ങളും ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. അപേക്ഷകരുടെ എണ്ണം കൂടുതലായാൽ പരമ്പരാഗത ഉൽപന്നങ്ങളിൽ വൈവിധ്യമുള്ളവ നിർമ്മിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: **0471-2303229 ,toll free 1800 425 2312**

ഒപ്പ്/-

ഡയറക്ടർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)

Signed by
Sudheer S S
Date: 05-08-2025 12:50:59

# പട്ടികവർഗ്ഗ  വികസന വകുപ്പ്
## ഗദ്ദിക-2025-26
## (നാടൻ കലാമേള -ഉൽപന്ന പ്രദർശന വിപണന മേള)

**അപേക്ഷാ ഫോറം**

പാസ് പോർട്ട് സൈസ് കളർ ഫോട്ടോ

1. അപേക്ഷകന്റെ പേര്:

2 വ്യക്തി കൂട്ടു സംരംഭം കടുംബശ്രീ/സൊസൈറ്റി :

(വിശദാംശം ലഭ്യമാക്കുക)

3. പൂർണ്ണമായ മേൽ വിലാസം:

4.ഫോൺ നമ്പർ:

5.തിരിച്ചറിയൽ കാർഡ് നമ്പർ:

(ആധാർ,ഇലക്ഷൻ ഐഡി,ഡ്രൈവിംഗ് ലൈസൻസ് മുതലാവയുടെ പകർപ്പ് ഹാജരാക്കുക)

6.ജാതി സർട്ടിഫിക്കറ്റ്

(സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക)

7. വിപണനം നടത്തുന്ന സാധനങ്ങളുടെ വിവരങ്ങൾ:

(വിശദമായ ലിസ്റ്റ് ഉള്ളടക്കം ചെയ്യുക)

8.മുൻവർഷങ്ങളിൽ വകുപ്പ് സംഘടിപ്പിച്ച മേളയിൽ

പങ്കെടുത്തിട്ടുണ്ടോ ? (ഉണ്ട്/ഇല്ല)

**ഉണ്ടെങ്കിൽ ഏതു വർഷം**

**10.**വിപണനത്തിനായി സ്റ്റാളിൽ നിൽക്കുന്നവരുടെ
പേരും വിലാസവും ജാതിയും :

മേൽപ്പറഞ്ഞിട്ടുള്ള വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും ഏതെങ്കിലും വിവരങ്ങൾ അന്വേഷണത്തിൽ തെറ്റാണെന്ന് തെളിയുകയാണെങ്കിൽ എനിക്ക് അനുവദിക്കുന്ന സ്റ്റാൾ റദ്ദാക്കുന്നതിനും മേളയുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തിരികെ നൽകുന്നതിന് എനിക്ക് സമ്മതമാണെന്നും ഇതിനാൽ സമ്മതിച്ച് കൊള്ളുന്നു

അപേക്ഷകന്റെ ഒപ്പ്

സ്ഥലം:

തിയതി:

---

## ട്രൈബൽ എക്സ്റ്റഷൻ ഓഫീസർ/പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം

...................................... എന്ന അപേക്ഷകൻ.................................... ഉന്നതിയിലെ.........................................................................സംരംഭത്തിൽഏർപ്പെട്ടിട്ടുള്ള ആളാണെന്നും ഉത്പന്നങ്ങളെല്ലാം പാരമ്പര്യ ഉത്പന്നങ്ങൾ/തൊഴിൽ സംരംഭത്തിൽ നിന്നുള്ളവയാണെന്നും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: സീൽ പേര്:

തിയതി: ഒപ്പ്:

**NB** പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷയോടൊപ്പം ഉൽപന്നത്തിന്റെ ഫോട്ടോ ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്തേണ്ടതാണ്.